**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5535** **13-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിന് കീഴിലെ കുളങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കുളങ്ങളിൽ പലതും നവീകരിക്കാതെയും സംരക്ഷിക്കപ്പെടാതെയും മാലിന്യക്കൂമ്പാരമായി ശോചനീയമായ അവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ കുളങ്ങൾ ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-2022 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000/- രൂപയുടെ പ്രപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി ₹73,51,985/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള ₹5,12,16,000/- രൂപയുടെ പ്രപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13/07/2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയോലോചന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ദേവസ്വം ബോർഡുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 29/07/2021-ൽ യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. |
| (ബി) | പ്രസ്തുത കുളങ്ങളിൽ പലതിനും വിസ്തൃതി കുറഞ്ഞ് വരുന്നതും കൈയ്യേറ്റങ്ങൾ നടക്കുന്നതും | (ബി) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ കുളങ്ങൾ ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി |

| | | | |
|---|---|---|---|
| | പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | | 2021-2022 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000/- രൂപയുടെ പ്രപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി ₹73,51,985/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള ₹5,12,16,000/- രൂപയുടെ പ്രപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13/07/2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയോലോചന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ദേവസ്വം ബോർഡുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 29/07/2021-ൽ യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. |
| (സി) | ക്ഷേത്രങ്ങളുടെ ഭാഗം എന്നതിലുപരി ആവാസവ്യവസ്ഥയുടെയും പലതരം ജീവജാലങ്ങളുടേയും നിലനിൽപ്പിന് മുഖ്യപങ്കുവഹിക്കുന്ന പ്രസ്തുത കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ കുളങ്ങൾ ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-2022 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000/- രൂപയുടെ പ്രപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി ₹73,51,985/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള ₹5,12,16,000/- രൂപയുടെ പ്രപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13/07/2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ |

| | | | |
|---|---|---|---|
| | | | ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയോലോചന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ദേവസ്വം ബോർഡുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 29/07/2021-ൽ യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ